

GREEN PORT
Volume 11 | Issue 32-33

Special Double Issue
April - September 2025

# GREEN PORT

Cochin International Airport Ltd. Magazine

## CIAL 2.0

*The Complete Digital Transformation*

# CIAL becomes all-DIGITAL



COCHIN INTERNATIONAL AIRPORT LIMITED

# CIAL 2.0

*The Complete Digital Transformation*

# CIAL becomes all - digital

**Cochin International Airport is embracing the future with CIAL 2.0—a visionary leap into digital transformation that puts intelligence at the heart of every operation. With the latest in smart tech, integrated control centres, and real-time data systems, we're making travel smoother, safer, and more connected than ever before. The projects, worth Rs. 200 crore, are part of a comprehensive upgrade of CIAL's digital backbone.**



## CIAL 2.0: Major Projects

- Full Body Scanners
- Automated Tray Retrieval System
- Cyber Defence Operations Centre
- Security & Surveillance
- Core System Modernization

MD'S NOTE

# CIAL 2.0
## A New Chapter in Our Journey

At CIAL, we have always believed that progress is not just about expanding infrastructure, but about deepening our impact - on people, on the environment, and on the future we build together. As we enter a defining phase with CIAL 2.0, we take pride in the fact that our journey continues to be guided by innovation, sustainability, and collective purpose.

CIAL 2.0 represents a renewed vision for our organisation a blueprint for transformation that strengthens our operational excellence while embracing digital innovation and environmental stewardship. It is a step towards smarter, more connected systems that place efficiency, technology, and passenger comfort at the centre of everything we do. Through CIAL 2.0, we aim to reimagine every facet of airport operations, ensuring that our growth remains both responsible and future ready.

But our strength has never been measured by technology alone. It lies in the people who make up the CIAL family those who bring commitment, creativity, and compassion to their work every day. The past few months have beautifully reflected this spirit. Our Onam celebrations filled the campus with colour, music, and joy a reminder of the values that unite us and the culture that defines us. It was heartening to see every department come together with such enthusiasm, symbolising the warmth and inclusiveness that CIAL has always stood for. Equally inspiring was our Annual Day, a celebration not just of achievements but of the people behind them. It was a moment to pause and reflect on how far we have come to appreciate the dedication and resilience that fuel our progress, and to look ahead with renewed energy. These moments of togetherness remind us that while systems and structures evolve, it is our shared sense of belonging that truly keeps CIAL moving forward.

As we continue this journey under the banner of CIAL 2.0, our focus remains clearto build an airport ecosystem that sets new benchmarks in sustainability, innovation, and service excellence. Whether through renewable energy, digital integration, or enhanced passenger experience, we remain committed to growth that is meaningful and inclusive.

To each member of the CIAL family thank you for being part of this vision. Your dedication and professionalism are what make CIAL not just an organisation, but a living example of what teamwork and trust can achieve. Together, let us carry forward the spirit of CIAL 2.0 — with clarity in purpose, care in action, and confidence in our shared future.

*Thank You,*



S. Suhas IAS

GREEN PORT
Cochin International Airport Ltd. Magazine
Volume 11 Issue 32-33

**Editor**
P S Jayan
Assistant General Manager
Corporate Communications

**Editorial Board**
Jayarajan V, Exe. Director & Head HR
Dominic Fernandez, AGM - LA
Anoop K, DM, Technology & Innovation
Pran K Pillai, AM - Finance

*Design : story teller*

# GREEN PORT
Cochin International Airport Ltd. Magazine

# C O N T E N T S


**6** CIAL 2.0: The complete Digital Transformation

**10** Enhancing Airport Safety: Fire Fighting Robot & Boomlift

**16** Independence Day Celebrations

**20** Kerala Aviation Summit 2025

**30** Building Kochi to a Comprehensive Aviation Maintenance Hub

**32** Uncertainty in Enterprises: The New Norm

**34** Introduction of Full Body Scanners at Cochin Airport

**36** നൃത്തം ചെയ്യുന്ന ദൈവങ്ങൾ

**42** CIAL Annual Day Celebrations

**48** സിയാൽ ഓണപ്പൊലിമ

**60** സിയാൽ വിശേഷങ്ങൾ

**62** Editor's Note : സമവാക്യം


• Cover Page: A representative image of CIAL 2.0, the complete digital transformation.


Cochin International Airport Ltd.
Corporate Office Address: Room no. 35, 4th floor, GCDA commercial complex, Marine Drive, Cochin - 682031
CIN : U63033KL1994PLC007803 | Registration Number: 7803, ROC-Ernakulam
Website: https://cial.aero/



*The views and opinions expressed herein are not necessarily those of Cochin International Airport Ltd. (For private circulation only).*






# Kerala CM launches Rs. 200 Cr ambitious IT Infrastructure Project at Cochin International Airport

## CM lauds CIAL for presenting a model for socialising profit



Kochi: Cochin International Airport Ltd. is presenting a model of socialising profit, said Kerala Chief Minister Pinarayi Vijayan. He was speaking at the launch of the ₹200-crore CIAL 2.0 project, which aims to fully digitize the operations of Cochin International Airport.

In 2023–24, 375 million people in India travelled by air, of which 275 million were domestic passengers. This marks a 21% increase compared to the previous year, placing India third in the world in terms of domestic air passenger numbers. It is estimated that by 2040, India will see one billion air travellers annually. All airports in the country must prepare themselves to accommodate such large-scale growth.

The Chief Minister emphasized the strategic importance of ensuring the safety of air passengers and the protection of airport assets. With around 50, 000 passengers travelling through Kochi Airport daily, and close to 100,000 people visiting the premises for travel-related needs, the security of digital assets becomes even more significant. The airport also hosts over 400 government and non-government agencies, 30 airlines, around 200 commercial establishments including hotels, and more than 12,000 employees, making it a vast and complex travel hub.




The CIAL 2.0 project incorporates various initiatives focused on artificial intelligence, automation, and foolproof cybersecurity to tackle emerging challenges in cyberspace and enhance travel experience. With an investment of ₹200 crore, the project is designed to improve passenger convenience and security.

As part of the project, full-body scanners have been introduced, eliminating the need for physical pat-downs during security checks. An automated tray retrieval system has also been implemented to speed up cabin baggage screening. Additionally, 4,000 AI-enabled surveillance cameras have been installed to strengthen airport and perimeter security. The airport's existing bomb detection and disposal system is also being upgraded through CIAL 2.0.

Apart from these initiatives, several large-scale projects launched last year are progressing rapidly. The apron construction, part of the ₹700-crore International Terminal development, is in its final stages. The commercial zone being constructed in front of Terminal 3 is also advancing steadily. These developments have created around 29,000 job opportunities.

CIAL is committed to offering maximum benefits to investors, local communities, and workers. In the 2023–24 fiscal year, it distributed a 45% dividend to investors. The company has also undertaken multiple bridge construction projects and recently launched a society for cargo loading and unloading contract workers, which is functioning effectively. Notably, CIAL plays a key role in the Wayanad Model Township project initiated by the state government. It is independently installing solar panels on all 400 houses in the township.

Minister P. Rajeeve presided over the inaugural event. MLAs Anwar Sadath and Roji M. John; MPs Benny Behanan, Hibi Eden, and Haris Beeran; CIAL directors Yusuff Ali M.A., E.K. Bharat Bhushan, Aruna Sundararajan, N.V. George, and Varghese Jacob; Managing Director S. Suhas IAS; and General Manager – IT & Communications Santhosh S attended the event. As part of the event, the Aero Digital Summit featured an AI experience center, a robotics display, and a panel discussion involving leading national AI experts.

# സിയാൽ 2.0: ദേഹപരിശോധന, ബാഗേജ് നീക്കം അതിവേഗത്തിൽ

## കൊച്ചി വിമാനത്താവളത്തിൽ 200 കോടിയുടെ ഐ.ടി പദ്ധതിയ്ക്ക് തുടക്കം




### സിയാൽ ലാഭം സാമൂഹ്യവത്കരിക്കുന്ന സ്ഥാപനം: മുഖ്യമന്ത്രി

കൊച്ചി: ലാഭം സ്വകാര്യവത്ക്കരിക്കുകയല്ല സാമൂഹ്യവത്ക്കരിക്കുകയാണ് സിയാൽ പിന്തുടരുന്ന നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഡിജിറ്റൈസ് ചെയ്യുന്ന സിയാൽ 2.0 പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2023 - 24 ൽ രാജ്യത്ത് 37.5 കോടി പേർ വിമാനയാത്രചെയ്തു. ഇതിൽ 27.5 കോടി പേർ ആഭ്യന്തര യാത്രക്കാരാണ്. 21 ശതമാനമാണ് ഇക്കാര്യത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർധനവ് രേഖപ്പെടുത്തിയിട്ടുള്ളത്. ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്.2040 ആകുമ്പോൾ ഇന്ത്യയിൽ പ്രതിവർഷം 100 കോടി വിമാനയാത്രക്കാരുണ്ടാകുമെന്നാണ് അനുമാനം. ഇത്രയും വലിയ വളർച്ച ഉൾക്കൊള്ളത്തക്കവിധം നമ്മുടെ എല്ലാ വിമാനത്താവളങ്ങളും സജ്ജമാകേണ്ടതുണ്ട്. മുഖ്യമന്ത്രി പറഞ്ഞു.

വിമാനയാത്രക്കാരുടെ സുരക്ഷയും വിമാനത്താവളങ്ങളുടെ ആസ്തിയും ഏറ്റവും പ്രാധാന്യത്തോടെ സംരക്ഷിക്കേണ്ട ഘട്ടമാണിത്. കൊച്ചി വിമാനത്താവളത്തിന്റെ കാര്യം എടുത്താൽ, പ്രതിദിനം 50,000 ത്തോളം അധികം യാത്രക്കാരുണ്ട്. ഒരു ലക്ഷത്തോളം പേർ ഓരോ ദിവസവും യാത്രാ അനുബന്ധ ആവശ്യങ്ങൾക്കായി ഇവിടെ എത്തുന്നു. നാന്നൂറിലധികം സർക്കാർ സർക്കാർ ഇതര ഏജൻസികളും 30 എയർലൈനുകളും ഹോട്ടലുകളുൾപ്പെടെ ഇരുന്നൂറോളം കമേഴ്സ്യൽ സ്ഥാപനങ്ങളും 12,000 ജീവനക്കാരും ഈ വിമാനത്താവളത്തിൽ പ്രവർത്തിക്കുന്നു.






ഇത്രയും വിപുലവും സങ്കീർണവുമായ വിമാനത്താവളത്തിന്റെ ഡിജിറ്റൽ ആസ്തികളുടെ സുരക്ഷ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. കൃത്രിമബുദ്ധി, ഓട്ടോമേഷൻ, പഴുതടച്ച സൈബർ സുരക്ഷ എന്നിവയിലൂന്നിയ വിവിധ പദ്ധതികളാണ് സിയാൽ 2.0 യിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. സൈബർ സ്പെയ്സിലെ പുതിയ വെല്ലുവിളികൾ നേരിടുക, യാത്ര കൂടുതൽ സുഗമമാക്കുക എന്നീ ഉദ്ദേശ്യത്തോടെ 200 കോടി മുതൽ മുടക്കിലാണ് പദ്ധതി നടപ്പിലാക്കിയത്. അദ്ദേഹം പറഞ്ഞു.

പദ്ധതിയുടെ ഭാഗമായി ഉദ്ഘാടനം ചെയ്യപ്പെട്ട ഫുൾ ബോഡി സ്കാനറുകൾ പ്രവർത്തിച്ചു തുടങ്ങുന്ന തോടെ മെറ്റൽ ഡിറ്റക്ടർ കൊണ്ട് യാത്രക്കാരുടെ ശരീരം സ്പർശിച്ചുകൊണ്ടുള്ള സുരക്ഷാ പരിശോധന ഒഴിവാക്കാനാകും. ഓട്ടോമാറ്റിക് ട്രേ റിട്രീവൽ സിസ്റ്റം നിലവിൽ വരുന്നതോടെ ക്യാബിൻ ബാഗേജുകളുടെ സുരക്ഷാ പരിശോധനയും വേഗത്തിലാവുന്നു. വിമാനത്താവളത്തിന്റെയും പരിസര പ്രദേശത്തിന്റെയും സുരക്ഷ വർധിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി 4,000 എ.ഐ അധിഷ്ഠിത നിരീക്ഷണ ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. കൊച്ചി വിമാനത്താവളത്തിൽ നിലവിലുള്ള ബോംബ് നിർവീര്യ സംവിധാനവും സിയാൽ 2.0 യിലൂടെ നവീകരിക്കുന്നു.

ഈ സംരംഭങ്ങൾക്ക് പുറമേ, കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്യപ്പെട്ട ബൃഹദ് പദ്ധതികളെല്ലാം അതിവേഗം പുരോഗമിക്കുകയാണ്, 700 കോടിയോളം രൂപ ചെലവിട്ട് നടപ്പിലാക്കുന്ന അന്താരാഷ്ട്ര ടെർമിനൽ വികസനത്തിന്റെ ഭാഗമായ ഏപ്രൺ നിർമാണം അന്തിമ ഘട്ടത്തിലാണ്. ടെർമിനൽ 3 യ്ക്ക് മുന്നിലായി പണികഴിപ്പിക്കുന്ന കൊമേഴ്സ്യൽ സോണിന്റെ പ്രവർത്തനവും മികച്ച നിലയിൽ പുരോഗമിക്കുന്നു. ഈ വികസന പ്രവർത്തനങ്ങളിലൂടെ 29,000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്.
നിക്ഷേപകർക്കും നാട്ടുകാർക്കും തൊഴിലാളികൾക്കും പരമാവധി ആനുകൂല്യങ്ങൾ നൽകാൻ സിയാൽ ശ്രമിക്കുന്നുണ്ട്. 2023 - 24 സാമ്പത്തിക വർഷത്തിൽ 45 ശതമാനം ലാഭവിഹിതം നിക്ഷേപകർക്ക് നൽകി. നിരവധി പാലങ്ങളുടെ നിർമാണം ഏറ്റെടുത്തു. കാർഗോ കയറ്റിറക്ക് കരാർ തൊഴിലാളികൾക്കായി അടുത്തിടെ ആരംഭിച്ച സൊസൈറ്റിയും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വയനാട് മാതൃകാ ടൗൺഷിപ്പ് നിർമാണത്തിലും സിയാൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്. ടൗൺഷിപ്പിലെ 400 വീടുകളിൽ സൗരോർജ പാനലുകൾ ഘടിപ്പിക്കുന്ന പദ്ധതി സിയാൽ സ്വന്തം നിലയ്ക്ക് നിർവഹിക്കുകയാണ്.

ഉദ്ഘാടന ചടങ്ങിൽ മന്ത്രി. പി രാജീവ് അധ്യക്ഷനായിരുന്നു. അൻവർ സാദത്ത് എം.എൽ.എ, റോജി എം.ജോൺ.എം.പി, ഹൈബി ഈഡൻ, എം.പി, അഡ്വ. അഡ്വ. ഹാരിസ് ബീരാൻ എം.പി, സിയാൽ ഡയറക്ടർമാരായ യൂസഫലി, എം.എ, ഇ.കെ ഭരത് ഭൂഷൺ, അരുണ സുന്ദരരാജൻ, എൻ.വി ജോർജ്, വർഗീസ് ജേക്കബ്, മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഐ.എ.എസ്, ജനറൽ മാനേജർ, എ.ടി & കമ്യൂണിക്കേഷൻസ് സന്തോഷ്. എസ്. എന്നിവർ സംസാരിച്ചു. പദ്ധതി ഉദ്ഘാടനത്തിന്റെ ഭാഗമായി നടന്ന എയ്റോ ഡിജിറ്റൽ സമ്മിറ്റിൽ ഐ.ടി എക്സ്പീരിയൻസ് സെന്റർ, റോബോട്ടിക് പ്രദർശനം എന്നിവയ്ക്കൊപ്പം രാജ്യത്തെ പ്രമുഖ ഐ.ടി വിദഗ്ദർ പങ്കെടുത്ത പാനൽ ചർച്ചയും നടന്നു.



# ഫയർഫൈറ്റിംഗ് റോബോട്ടും ബൂംലിഫ്റ്റും

## അത്യാധുനിക അഗ്നിശമന ഉപകരണങ്ങളുമായി സിയാൽ

സിയാലിന്റെ അഗ്നിശമന സേന നവീകരണത്തിന്റെ ഭാഗമായി രണ്ട് അത്യന്താധുനിക ഉപകരണങ്ങൾ അനാവരണം ചെയ്തു. സിയാൽ സെൻട്രൽ ബ്ലോക്കിൽ വച്ചു നടന്ന ഉദ്ഘാടന ചടങ്ങിൽ മന്ത്രി പി. രാജീവ് പുതിയ ഉപകരണങ്ങളുടെ സ്വിച്ച് ഓൺ നിർവഹിച്ചു. ആർട്ടികുലേറ്റഡ് ബൂം ലിഫ്റ്റ്, മൾട്ടി പർപസ് ഫയർ ഫൈറ്റിംഗ് റോബോട്ട് എന്നീ ഉപകരണങ്ങളാണ് അനാവരണം ചെയ്തത്.

ആർട്ടികുലേറ്റഡ് ബൂം ലിഫ്റ്റ് 28 മീറ്റർ വരെ ഉയരത്തിലുള്ള രക്ഷാപ്രവർത്തനത്തിനും അഗ്നിശമന പ്രവർത്തനങ്ങൾക്കും ഉപകരണം ഉപയോഗിക്കാനാവും. ഹൈഡ്രോളിക് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ ഉപകരണത്തിന് 250 കിലോഗ്രാം വരെ ഭാരമെടുക്കാനുമുള്ള ശേഷിയുണ്ട്.

മൾട്ടി പർപസ് ഫയർ ഫൈറ്റിംഗ് റോബോട്ട് അപകടകരമായ സ്ഥലങ്ങളിലേക്ക് ചെന്നുകയറി അഗ്നിശമന പ്രവർത്തനങ്ങൾ നടത്താൻ കഴിവുള്ളതാണ്. റിമോട്ടുകൊണ്ട് നിയന്ത്രിക്കാനാവുന്ന റോബോട്ടിൽ ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങളുണ്ട്. 360 ഡിഗ്രിയിലും തീയണക്കാൻ ശേഷിയുള്ളതാണ് ഈ ഉപകരണം.

പുതിയ ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത തെളിയിക്കുന്ന പ്രദർശനവും ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്നു.

സിയാൽ മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. സുഹാസ് ഐ.എ.എസ്, സിയാൽ ഡയറക്ടർ വർഗീസ് ജേക്കബ്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ജയരാജൻ വി, സജി.കെ ജോർജ്, എയർപോർട്ട് ഡയറക്ടർ മനു. ജി, എ.ആർ.എഫ്.എഫ് ഹെഡ് സോജൻ കോശി, വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, മറ്റു ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.









CIAL


CIAL
CIAL




cochin
DUTY FREE
CROWN
FEDERAL BANK
SHIVRAJ SHARMA
VISA
SHOP & SAVE
AT COCHIN DUTY FREE
ON PURCHASES WORTH ₹7500*
AND ABOVE WITH YOUR
FEDERAL BANK DEBIT CARD
www.cochindutyfree.com
*T&C Apply

# ആഗമന യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങളുമായി സിയാൽ

## ബ്രാൻഡഡ് ഫുഡ് കോർട്ട് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു

യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സിയാൽ നടപ്പിലാക്കി വരുന്ന പദ്ധതിയിൽ ഉൾപ്പെടുന്ന 8000 ചതുരശ്രയടി വലുപ്പത്തിൽ പണി കഴിപ്പിച്ച ബ്രാൻഡഡ് ഫുഡ് കോർട്ട്, വ്യവസായ മന്ത്രിയും സിയാൽ ഡയറക്ടറുമായ പി. രാജീവ് ഉദ്ഘാടനം ചെയ്തു. ആഭ്യന്തര ടെർമിനൽ (ടി 1) ആഗമന ഭാഗത്താണ് ഈ പുതിയ ഫുഡ് കോർട്ട് ഉള്ളത്. ആദ്യ ഘട്ടത്തിൽ കൊക്കോ കാർട്ട്, കോസ്റ്റ കോഫീ, ബർഗർ കിംഗ് എന്നിവയാണ് പ്രവർത്തനം ആരംഭിച്ചത്. യാത്രികർക്ക് കൂടുതൽ മെച്ചപ്പെട്ട വിമാനത്താവള അനുഭവം ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ജനപ്രിയ ബ്രാൻഡുകളും ഔട്ട്ലെറ്റുകളും വരും ദിവസങ്ങളിൽ പ്രവർത്തനം ആരംഭിക്കും.

ആലുവ എം.എൽ.എ അൻവർ സാദത്ത്, അങ്കമാലി എം.എൽ.എ റോജി എം. ജോൺ, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ്, സിയാൽ ഡയറക്ടർ വർഗീസ് ജേക്കബ്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ജയരാജൻ വി., സജി.കെ ജോർജ്, എയർപോർട്ട് ഡയറക്ടർ മനു. ജി., സിയാൽ കൊമേർഷ്യൽ ഡിപ്പാർട്ട്മെന്റ് മേധാവി മനോജ് പി. ജോസഫ്, സിവിൽ ഡിപ്പാർട്മെന്റ് മേധാവി രാജേന്ദ്രൻ ടി., വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, മറ്റു ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.









# CIAL Celebrated country's 79th Independence Day




Cochin International Airport Limited, CIAL, celebrated India's 79th Independence Day. CIAL Managing Director S. Suhas IAS hoisted the national flag. Platoons of the CIAL Aircraft Rescue & Firefighting Brigade and the Airport Security Wing, CISF, were lined up in the parade.

Inspector Krishna Kumar Sharma was the parade commander. There were also performances by the CISF Quick Response team and BDDS team led by inspector Mukesh Kumar.

CISF Senior Commandant Nagendra Devrari, Airport Director Manu G., Executive Directors Saji. K. George ( Company Secretary) and Jayarajan V. (HR Head) were the others who participated.













COCHIN INTERNATIONAL AIRPORT

TERMINAL

# കേരള ഏവിയേഷൻ സമ്മിറ്റ് 2025

കൊച്ചി: വിമാനയാത്ര ജനകീയമാക്കണമെന്നും യാത്രാ ചെലവും പ്രവർത്തന ചെലവും കുറയ്ക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വ്യോമയാന വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ആസൂത്രിതമായ ഇടപെടൽ നടത്തണമെന്നും അദ്ദേഹം പറഞ്ഞു. ഫിക്കിയുടെ സഹകരണത്തോടെ സിയാൽ സംഘടിപ്പിച്ച കേരള വ്യോമയാന ഉച്ചകോടി (കേരള ഏവിയേഷൻ സമ്മിറ്റ് 2025) ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂലധന ചെലവ് കുറച്ച്, സമയനഷ്ടമില്ലാതെ യാത്ര ഉറപ്പാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ വിമാനത്താവളങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. പ്രവാസികളുടെ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും വിമാനത്താവളങ്ങൾ വലിയ പങ്ക് വഹിച്ചു. വ്യോമയാന വ്യവസായത്തിൽ സിയാൽ ജനകീയ മാതൃക തീർത്തെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. മുപ്പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ച സിയാൽ സാങ്കേതിക വിദ്യാ മാറ്റങ്ങൾ പൂർണമായും ഉൾക്കൊണ്ടു. വ്യോമഗതാഗതം ശക്തിപ്പെടുന്നത് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കും. സിവിൽ ഏവിയേഷൻ ഹബ്ബായി മാറാൻ കേരളത്തിന് ഏറെ സാധ്യതയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദേശീയ, പ്രാദേശിക വ്യോമയാന ചർച്ചകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പ് വരുത്തുമെന്നും നിക്ഷേപ, നവീകരണ സാദ്ധ്യതകൾ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. എയർപോർട്ട് ഹെൽത്ത് ഓഫീസ് (എ. പി. എച്ച്. ഒ) യ്ക്കായി സിയാലിൽ ആരംഭിക്കുന്ന എയർപോർട്ട് ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. ആരോഗ്യ കേന്ദ്രത്തിന്റെ താക്കോൽദാനം റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു.

മന്ത്രി പി. രാജീവ് അധ്യക്ഷനായ ചടങ്ങിൽ, ചാലക്കുടി എം. പി ബെന്നി ബഹനാൻ, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, സിയാൽ ഡയറക്ടർമാരായ അരുണ സുന്ദർരാജൻ, എൻ. വി. ജോർജ്, വർഗീസ് ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് ഡോ. എസ്. സെന്തിൽ നാഥൻ, ഫിക്കി സീനിയർ ഡയറക്ടർ മനോജ് മേത്ത എന്നിവരും പങ്കെടുത്തു.

സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് സ്വാഗതവും എയർപോർട്ട് ഡയറക്ടർ ജി. മനു നന്ദിയും പറഞ്ഞു.

കേരളത്തിലെ വ്യോമയാന സൗകര്യങ്ങളും നിക്ഷേപക സാധ്യതകളും പ്രയോജനപ്പെടുത്തുക, കേരളത്തെ ആഗോള വ്യോമയാന കേന്ദ്രമാക്കി മാറ്റുക, പ്രാദേശിക ഏവിയേഷൻ, ലോജിസ്റ്റിക്സ് ഹബ് എന്നിവ ശക്തിപ്പെടുത്തുക, ഡിജിറ്റൽ എയർ ട്രാവൽ, എം ആർ ഓ ഇക്കോ സിസ്റ്റം എന്നിവയെ കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചത്. ഏവിയേഷൻ മേഖലയിലെ തന്ത്രപ്രാധാന മാറ്റങ്ങൾ, നയരൂപീകരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ ഉച്ചകോടി ചർച്ച ചെയ്തു .








കേരള ഏവിയേഷൻ സമ്മിറ്റ് 2025

# വ്യോമയാന വ്യവസായത്തിൽ കേരളത്തെ ആഗോള ഹബ്ബാക്കണം

കൊച്ചി: സംസ്ഥാനത്തെ ടൂറിസം, വ്യോമയാന മേഖലകൾ സമന്വയിപ്പിച്ച് സുസ്ഥിര വളർച്ചയ്ക്കായി കേരളത്തെ വ്യോമയാന വ്യവസായത്തിലെ ആഗോള കേന്ദ്രമാക്കി മാറ്റണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് കേരള വ്യോമയാന ഉച്ചകോടി കൊച്ചിയിൽ സമാപിച്ചു. കേരളത്തെ ഒരു മികച്ച ആഗോള ലക്ഷ്യ സ്ഥാനമായി ഉയർത്താനുള്ള സുസ്ഥിര വികസനപാത രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടന്ന ദ്വിദിന ഉച്ചകോടി യിൽ നയരൂപീകരണ വിദഗ്ദ്ധരും വ്യവ സായ പ്രമുഖരും പങ്കെടുത്തു. കേരളത്തെ ആഗോള ഹബ്ബാക്കുന്നതിൽ സിയാലിന് നിർണായക സ്വാധീനം ചെലുത്താൻ കഴിയുമെന്ന് ഉച്ചകോടിയിൽ പങ്കെടുത്ത വർ ചൂണ്ടിക്കാട്ടി.

വ്യോമയാനവും ടൂറിസവും ലോജിസ്റ്റിക് സും സംയോജിപ്പിച്ചുള്ള സുസ്ഥിര വളർ ച്ചയായിരുന്നു ഉച്ചകോടിയുടെ പ്രധാന വിഷയം. ഈ മേഖലകൾ ഒരുമിച്ച് പ്രവർ ത്തിച്ചാൽ സാമ്പത്തിക വളർച്ച വർദ്ധിപ്പി ക്കാനും സഞ്ചാരികളുടെ യാത്രാനുഭവം മെച്ചപ്പെടുത്താനും കൂടുതൽ അന്താരാഷ്ട്ര സഞ്ചാരികളെ ആകർഷിക്കാനും കഴിയു മെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി. നൂതനാശ യങ്ങൾ പരസ്പര സഹകരണത്തോടെ നടപ്പാക്കണമെന്നും നിർദേശമുയർന്നു. വിമാനത്താവളങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അന്താ രാഷ്ട്ര വിമാന സർവീസുകൾ വർദ്ധിപ്പി ക്കുക, പ്രാദേശിക വ്യോമയാനം പ്രോത്സാ ഹിപ്പിക്കുക, സുസ്ഥിര വികസനം ഉറപ്പാ ക്കുക എന്നിങ്ങനെ ഭാവിയിലെ വ്യോമയാ ന വികസനത്തെ മുൻനിർത്തിയുള്ള ചർച്ച കൾ ഉച്ചകോടി യിൽ നടന്നു.

വ്യോമയാന വ്യവസായ വിദഗ്ദ്ധരും വിമാനക്കമ്പനി പ്രതിനിധികളും വിപണി യിലെ പുതിയ ട്രെൻഡുകളെക്കുറിച്ചും പ്രധാന ആഗോള കേന്ദ്രങ്ങളിലേക്കുള്ള പുതിയ വിമാന സർവീസുകളുടെ സാധ്യ തകളെക്കുറിച്ചും നിർദേശങ്ങൾ പങ്കു വെച്ചു. കേരളത്തിന് ചിറകുകൾ നൽകുക എന്നതായിരുന്നു ഉച്ചകോടിയുടെ മുദ്രാവാ ക്യം. സമാപന ദിവസം ടൂറിസം സാധ്യത കളും വ്യോമയാന മേഖലയും എന്ന വിഷയത്തിലും എയർ കാർഗോ ലോജിസ്റ്റി ക്സും നൂതനത്വവും അടിസ്ഥാന സൗക ര്യവും ഭാവി സാധ്യകളും എന്ന വിഷയ ത്തിലും പാനൽ ചർച്ച നടന്നു.

കേരളത്തിന് ഇനിയുമേറെ മേഖലകളിൽ ഒട്ടേറെ വികസന സാധ്യതകളു ണ്ടെന്ന് തിരിച്ചറിഞ്ഞതാണ് വ്യോമയാന ഉച്ചകോടി യുടെ ഏറ്റവും വലിയ നേട്ടമെന്ന് സിയാൽ എം. ഡി, എസ്. സുഹാസ് സമാപന സമ്മേളനത്തിൽ പറഞ്ഞു. വ്യോമയാന മേഖലയ്ക്ക് ഉത്തേജനം പകരുന്ന ചർച്ച കളാണ് നടന്നതെന്ന് അദ്ദേഹം അഭിപ്രാ യപ്പെട്ടു. അടിസ്ഥാന സൗകര്യ വികസന ത്തിലൂടെയും നയരൂപീകരണത്തിലൂ ടെയും വ്യോമയാന വ്യവസായത്തിനും കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും എല്ലാ സഹായവും സിയാൽ നൽകു മെന്നും അദ്ദേഹം പറഞ്ഞു. ഉച്ചകോടി യിൽ ഉരുത്തിരിഞ്ഞ എല്ലാ നിർദേശങ്ങളും നടപ്പാക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

സമാപന സമ്മേളനത്തിൽ കൊച്ചി മേയർ എം. അനിൽകുമാർ മുഖ്യാതിഥിയായി രുന്നു. സിയാൽ ഒരു മികച്ച മാതൃക യാണെന്ന് ലോകത്തെ ബോധ്യപ്പെടു ത്താൻ കഴിഞ്ഞെന്ന് അദ്ദേഹം പറഞ്ഞു. പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ മികച്ച മാതൃകയാണ് സിയാൽ. കേരള ത്തിന്റെ വളർച്ചയ്ക്ക് സിയാൽ ചാലക ശക്തിയാകുമെന്നും മേയർ പറഞ്ഞു.

കെ. പി. എം. ജി മൊബിലിറ്റി ആൻഡ് ലോജിസ്റ്റിക്സ് ഡയറക്ടർ ധാവൽ റൗട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ഫിക്കി കേരള മേധാവി സാവിയോ മാത്യു, സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു എന്നിവർ സംസാരിച്ചു.




കൊച്ചിയിൽ നടന്ന കേരള വ്യോമയാന ഉച്ചകോടിയുടെ സമാപന സമ്മേളനം കൊച്ചി മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. ഫിക്കി കേരള മേധാവി സാവിയോ മാത്യു, കെ പി എം ജി മൊബിലിറ്റി ആൻഡ് ലോജിസ്റ്റിക്സ് ഡയറക്ടർ ധാവൽ റൗട്ട് , സിയാൽ എം ഡി എസ് . സുഹാസ്, സിയാൽ എയർപോർട്ട് ഡയറക്റ്റർ ജി. മനു എന്നിവർ സമീപം.






















# കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സി.ഐ.എസ്.എഫ് ഓപ്പറേഷണൽ കോൺഫറൻസ്

## മാറിവരുന്ന കാലഘട്ടത്തിലെ വ്യോമയാന സുരക്ഷ പ്രധാന വിഷയം

ദക്ഷിണേന്ത്യാ മേഖലയിലെ വ്യോമയാന സുരക്ഷാ നടപടികളെ അവലോകനം ചെയ്യുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (സി.ഐ.എസ്.എഫ്), ഓപ്പറേഷണൽ കോൺഫറൻസ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സംഘടിപ്പിച്ചു. ''മാറിവരുന്ന കാലഘട്ടത്തിലെ വിമാനസുരക്ഷ'' എന്നതായിരുന്നു രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ മുഖ്യവിഷയം.

സമ്മേളനം സി.ഐ.എസ്.എഫ് സ്പെഷ്യൽ ഡയറക്ടർ ജനറൽ (എ.പി.എസ്) പർവീർ രഞ്ജൻ ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. സി.ഐ.എസ്.എഫ് ഇൻസ്പെക്ടർ ജനറൽ ജോസ് മോഹൻ ഐ.പി.എസ്, ആർ. പൊന്നി ഡി.ഐ.ജി, സി.ഐ.എസ്.എഫ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ദക്ഷിണേന്ത്യയിലെ പ്രധാന വിമാനത്താവളങ്ങളിൽ നിന്നുള്ള ചീഫ് എയർപോർട്ട് സെക്യൂരിറ്റി ഓഫീസർമാരും സീനിയർ ഡി.ഐ.ജിമാരും പങ്കെടുത്തു. പ്രവർത്തന സജ്ജത, അടിയന്തര സാഹചര്യം നേരിടാനുള്ള നൂതന പദ്ധതികൾ, വിവിധ ഏജൻസികളുമായുള്ള ഏകോപനം, മെച്ചപ്പെട്ട സുരക്ഷ, യാത്രക്കാരുടെ സൗകര്യങ്ങൾ വർധിപ്പിക്കുക എന്നിവയാണ് മുഖ്യ ചർച്ചാവിഷയങ്ങൾ. സിയാൽ ഐ.ടി. ടീം ആധുനിക സുരക്ഷാ സാങ്കേതികവിദ്യകളെക്കുറിച്ചും അവയുടെ പ്രാവർത്തികതയെക്കുറിച്ചും സെമിനാർ നടത്തി. നിർമിത ബുദ്ധി (എ.ഐ.) അടിസ്ഥാനമാക്കിയുള്ള സർവെയ് ലൻസ്, ഫുൾ-ബോഡി സ്കാനറുകൾ, പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം, സൈബർസുരക്ഷാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചാണ് പ്രധാനമായും പ്രതിപാദിച്ചത്.

വ്യോമയാന സുരക്ഷ മനുഷ്യകേന്ദ്രീകൃതമാവുകയും സാങ്കേതികവിദ്യ നിരന്തരം പുരോഗമിക്കുകയും വഴി സുരക്ഷയും യാത്രക്കാരുടെ സൗകര്യവും ഒരുപോലെ ഉറപ്പാക്കണമെന്നും സി.ഐ.എസ്.എഫ് സ്പെഷ്യൽ ഡയറക്ടർ ജനറൽ പർവീർ രഞ്ജൻ ഐ.പി.എസ് പറഞ്ഞു. സി.ഐ.എസ്.എഫ് ജീവനക്കാരുടെ ക്ഷേമത്തിനായി കൊച്ചിയിൽ പുതിയ ഇൻഫ്രാസ്ട്രക്ചർ ഉദ്ഘാടനവും ഫീൽഡ് സന്ദർശനങ്ങളും സമ്മേളനത്തിന്റെ ഭാഗമായി നടന്നു.



പർവീർ രഞ്ജൻ ഐ.പി.എസ്., SDG APS CISF, ഓപ്പറേഷണൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുന്നു.
ജോസ് മോഹൻ IPS, IG CISF, ആർ. പൊന്നി DIG, CISF, എന്നിവർ സമീപം.








# 2000 സർവീസുകൾ തികച്ച് സിയാൽ ബിസിനസ് ജെറ്റ് ടെർമിനൽ

ഇന്ത്യയിലെ ആദ്യത്തെ ചാർട്ടർ ഗേറ്റ് വേ എന്ന ആശയത്തോടെ സിയാൽ ആരംഭിച്ച ബിസിനസ് ജെറ്റ് ടെർമിനൽ 2000 സർവീസുകൾ പൂർത്തിയാക്കി. രാജ്യത്തെ തന്നെ ഏറ്റവും വലിയ പ്രൈവറ്റ് ജെറ്റ് ടെർമിനൽ ആണ് സിയാലിലേത്. 2022 –'23 സാമ്പത്തിക വർഷത്തിൽ 242 ചാർട്ടർ സർവീസുകളാണ് പൂർത്തിയാക്കിയത്. 2023 –'24 ൽ 708 സർവീസുകളും 2024 –'25 ൽ 714 പ്രൈവറ്റ് ജെറ്റ് ഓപ്പറേഷനുകളും സിയാൽ കൈകാര്യം ചെയ്തു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതു വരെ 344 സർവീസുകൾ ആണ് പൂർത്തിയായത്. 2022 ഡിസംബർ 10-നാണ് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ സിയാൽ ബിസിനസ് ജെറ്റ് ടെർമിനൽ ഉദ്ഘാടനം ചെയ്തത്.






ഗൾഫ് രാജ്യങ്ങൾക്ക് പുറമെ ലണ്ടൻ, മാലിദ്വീപ്, ഹോങ്കോങ്, മോണ്ടെനിഗ്രോ, ഇന്ത്യൻ നഗരങ്ങളായ മുംബൈ, ഡൽഹി, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, പൂനെ, തിരുപ്പതി എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും സർവീസുകൾ നടത്തുന്നത്. 2022 ഡിസംബറിൽ കൊച്ചിയിൽ നടന്ന ഐ.പി.എൽ ലേലം, 2023 മാർച്ച് മുതൽ ജൂൺ വരെ സംഘടിപ്പിച്ച വിവിധ ജി-20 സമ്മേളനങ്ങൾ, 2022 ഡിസംബർ മുതൽ ഏപ്രിൽ 2023 വരെ സംഘടിപ്പിക്കപ്പെട്ട കൊച്ചി മുസിരിസ് ബിനാലെ പോലുള്ള രാജ്യാന്തര സമകാലിക കലാ-സാംസ്കാരിക പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് സിയാൽ ബിസിനസ് ജെറ്റ് ടെർമിനലിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രൈവറ്റ് ജെറ്റുകൾ പറന്നിറങ്ങി. 2023 ഏപ്രിലിൽ ലക്ഷദ്വീപിൽ നടന്ന ജി-20 യോഗത്തിൽ പങ്കെടുക്കാനായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി ഒരു ഡസനോളം ചാർട്ടർ വിമാനങ്ങൾ ടെർമിനലിൽ എത്തിയിരുന്നു. 2023 സെപ്റ്റംബറിൽ ചാർട്ടേർഡായി ബോയിങ് 737 വിമാനം വിവിധ രാജ്യങ്ങളിൽ നിന്നുള്ള 58 യാത്രക്കാരുമായാണ് സിയാൽ ബിസിനസ് ജെറ്റ് ടെർമിനലിൽ എത്തിയത്. ചാർട്ടർ വിമാനങ്ങൾക്കും സ്വകാര്യവിമാനങ്ങൾക്കും പ്രത്യേക സേവനം ലഭ്യമാക്കി, പ്രധാനപ്പെട്ട ബിസിനസ് കോൺഫറൻസുകൾക്കും വിനോദ സഞ്ചാരത്തിനുമായി ചാർട്ടർ വിമാനങ്ങളെ എത്തിക്കാനും സിയാലിന് സാധിക്കുന്നുണ്ട്.

കേരളത്തിന്റെ തനതായ കലകൾക്കും മഹാകലാകാരൻമാർക്കും അവരുടെ കലാസപര്യയ്ക്കും കൊച്ചി വിമാനത്താവളത്തിൽ ഇടങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളും സിയാലിൽ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി, കഥകളി ശിൽപങ്ങളും, കലാമണ്ഡലം ഗോപിയുടെ നവരസാവിഷ്ക്കാര പെയിന്റിങ്ങുകളും ബിസിനസ് ജെറ്റ് ടെർമിനലിൽ ഒരുക്കിയിട്ടുണ്ട്.

ഈ വർഷം ഡിസംബറിൽ ആരംഭിക്കുന്ന ആറാമത്തെ ബിനാലെ പതിപ്പിനോടനുബന്ധിച്ചുള്ള അന്വേഷണങ്ങളും സിയാലിലേക്കെത്തുന്നുണ്ട്. ശബരിമല തീർത്ഥാടന കാലമാകുമ്പോഴേക്കും സർവീസുകളുടെ എണ്ണത്തിൽ വർധനവുണ്ടാകുമെന്നാണ് പ്രതീക്ഷ.






# From Take-off to Triumph: 0484 Aero Lounge Welcomes 25,000 Guests in First Year

















0484 Aero Lounge at Cochin International Airport has completed a successful first year of operations, welcoming over 25,000 guests and facilitating 12,000 room bookings. The lounge has become a preferred choice for both travellers and visitors.

With booking options available for 6, 12, and 24 hours, the lounge caters not only to those seeking accommodation but also to passengers looking for a safe and comfortable place to rest before or after their journey. It has especially become a reliable haven for solo travellers and expatriates.

Spread across 50,000 sq. ft., the lounge features 37 rooms, 4 suites, 3 boardrooms, 2 conference halls, co-working spaces, a gym, spa, and a library. The premium facilities, such as boardrooms and conference halls, are increasingly utilized by corporates, offering them the advantage of conducting meetings right at the airport without having to travel to the city. The lounge is also emerging as a venue for pre-wedding shoots, press conferences, and business events.

In addition, the lounge houses a café and retail outlets, making it an ideal hub for both short and long-haul travellers. Its proximity to the terminal ensures maximum convenience, positioning it as a safe and accessible rest centre, especially for late-night and long-distance passengers.

The lounge was inaugurated in September 2024 as part of CIAL's initiative to enhance non-aeronautical revenues and commenced operations in October of the same year.

# CIAL announces Winter Schedule

Cochin International Airport Ltd (CIAL) announced its winter schedule which will be effective from 26th October 2025 till 28th March 2026. A total of 1520 weekly operations are the highlight of this schedule against 1454 operations for the ongoing summer schedule 2025.

CIAL's winter schedule will see 27 airlines, among which 25 are international carriers operating 341 weekly departures to international destinations. IndiGo tops the list with 49 weekly departures to international destinations whereas Air India Express will have 47 departure operations weekly. Etihad – 28, Air Asia –21, Air Arabia Abu Dhabi – 18, Akasa-17, Air India, Air Arabia, Emirates, Oman Air, Singapore Airlines – all 14 weekly services,Kuwait airways, Qatar Airways ( 11 each), Saudia, Thai Air Asia ( 10 each), Spice Jet, Srilankan, Malaysia Airlines ( 7 each), Jazeera(5), Fly Dubai, Gulf Air, Island Aviation, Viatjet, Malindo(4 each), Thai Lion air (3) are other prominent carriers operating frequent weekly services. There will be 67 weekly departures to Abu Dhabi alone. Whereas Dubai comes second with 45 operations from Cochin. Other key destinations include Doha (38), Kuala Lumpur (32), Muscat (25), and Sharjah (21). Singapore sees 14 weekly flights, Male 11, Bangkok 10, Jeddah and Riyadh 8 each, while Bahrain, Colombo, Dammam, and Ras Al Khaimah have 7 weekly operations each. Ho Chi Minh City has 4, and Phuket 3 weekly flights. Overall, the airport's winter schedule emphasizes stronger connectivity across the Middle East, Southeast Asia, and the Gulf region. Air Asia plans to increase the frequency of operations from 11 to 21 per week. Air India will re-instate the Doha sector, and Akasa commences daily flights to Dammam.

Coming to the domestic sector, weekly flight status in CIAL's 2025 winter schedule includes 86 flights to Bangalore, 69 to Mumbai, 63 to Delhi, 47 to Chennai, 61 to Hyderabad, 14 flights to Agathi, 13 to Ahmedabad, 14 to Pune, 7 each to Calicut, Goa, Kannur and 5 to Salem.

Additional 2 services by IndiGo to Thiruvananthapuram will commence, strengthening regional connectivity. As per the new schedule, an IndiGo flight from Kannur will land at Kochi at 9:40 AM. This will serve to Kochi – Thiruvananthapuram (COK-TRV) sector twice a day. The departing time from COK to TVM will be 10:00 AM & 3:50 PM. The flight departs from TRV to COK at 1:00 PM and 7 :20PM. This winter, Cochin Airport welcomes expanded connectivity as Star Air will launch four weekly services on the Kochi–Bengaluru sector; Akasa Air will begin daily operations to Ahmedabad and Navi Mumbai; IndiGo will enhance its network with daily flights to Navi Mumbai; and SpiceJet will commence daily services to Chennai and Hyderabad. This results in a total of 682 arrivals and 838 departures each week, encompassing both international and domestic services, respectively.

"Cochin International Airport is committed to providing the highest standards of passenger comfort, safety and seamless connectivity. Our efforts through our recent digitization venture, CIAL 2.0, are aimed at modernizing infrastructure and enhancing the travel experience. Operations of TAJ Cochin International Airport and 0484 Aero Lounge etc., reflect our focus on world-class services and hospitality. Over the years, CIAL has set benchmarks in sustainability, innovation, and growth, making it one of India's most trusted airports. We will continue to build on these achievements to ensure every journey through CIAL is smooth and memorable,", said S. Suhas IAS, MD, CIAL.

The winter schedule 2025 underlines Cochin International Airport's commitment to improving connectivity, comfort, and efficiency for travellers. With futuristic initiatives inaugurated and in pipeline, the airport continues to grow as a key hub for both domestic and international travel. By focusing on innovation, safety, and sustainability, CIAL aims to ensure a smooth and reliable experience for everyone passing through its terminals.





# Another Step Towards Fast-track Travel
## New FTI-TTP Kiosk at CIAL

A new Fast Track Immigration - Trusted Traveler Program (FTI-TTP) Registration Kiosk has been added at Cochin International Airport, enabling passengers to register for the program right from the terminal.

Location: Terminal 3, Departure Waiting Area, Cochin International Airport Inaugurated in the presence of Officials from the Bureau of Immigration and CIAL.






# Building Kochi into a Comprehensive Aviation Maintenance Hub



**Santosh J. Poovattil**
Managing Director, CIASL

At Cochin International Aviation Services Limited (CIASL), our journey has always been guided by a singular vision, to transform Kochi into a premier aviation hub built on world-class maintenance, engineering and technical expertise. Over the years, we have steadily expanded our




capabilities, and today, I am proud to share that CIASL is entering an exciting new phase of growth, one that brings together diverse segments of aviation under a single umbrella of excellence.

## The New MRO Hangar: Our Bold Step Forward

Under the visionary leadership of our Chairman, Shri S. Suhas IAS, CIASL is now taking a decisive step forward with the construction of its third Maintenance, Repair and Overhaul (MRO) hangar at Cochin International Airport. This project marks a defining milestone in our journey toward becoming a leader in the aviation maintenance sector.

Conceived and funded under the guidance of our parent company, Cochin International Airport Limited (CIAL), this venture stands as a testament to the trust and confidence CIAL has placed in CIASL to take over and execute such a critical infrastructure initiative.

With an investment of ₹50 crore, this state-of-the-art 5,000-square-metre facility is designed to double our current maintenance capacity by accommodating two narrow-body aircraft simultaneously. However, this new hangar represents far more than a simple infrastructure expansion, it is a cornerstone of our vision to make Kochi a benchmark for aviation maintenance in India.

The facility will also feature Kerala's first covered aircraft parking apron, capable of housing 13 narrow-body aircraft under secure, all-weather protection. This innovative addition will safeguard high-value assets from monsoon rains, coastal winds and heat, while offering enhanced security and privacy for business and charter operations.

Furthermore, its direct runway connectivity ensures faster and more cost-efficient aircraft movement, setting it apart from other facilities in the region. The project aligns with the Government of India's MRO Policy under 'Make in India' and 'Atmanirbhar Bharat', aimed at reducing reliance on overseas MRO hubs and retaining valuable foreign exchange within the country.
Equally significant is its impact on the local economy. The project will create more than 1,000 employment opportunities, including over 400 highly skilled positions in aircraft engineering, quality assurance and aviation logistics. Alongside these, it will generate additional opportunities in construction, supply chains and technical training, thereby nurturing a strong skilled workforce for Kerala's aviation future.



## Expanding to Business Jets and General Aviation

Traditionally, CIASL has been synonymous with dependable engineering services for international carriers. We currently provide reliable maintenance services to nearly 18 international airlines and hold approvals from aviation regulatory authorities across 13 countries. This strong international foundation has earned us the trust of leading airlines operating through Cochin International Airport.

A notable recent development is our strategic entry into the business jet and general aviation sector. For years, our expertise revolved around commercial passenger aircraft, with Airbus and Boeing being our mainstay. However, with the rising demand for private and corporate aviation in India, we recognized the need to broaden our service portfolio.

By creating a dedicated vertical for business jets and general aviation aircraft, CIASL now caters to corporate clients, private owners and charter operators. This strategic diversification not only strengthens our business model but also enriches Kochi's aviation ecosystem by providing specialized, reliable and locally available maintenance solutions for this growing segment.

## Strengthening Regional Connectivity with ATR Capabilities

Another significant development has been our investment in ATR aircraft maintenance capabilities. ATRs form the backbone of India's regional aviation network, connecting smaller towns and cities with major hubs. By equipping our facilities with specialized tools, spares and certified professionals to handle ATR fleets, CIASL directly supports the Government of India's regional connectivity initiative.

For domestic airlines operating short-haul routes, having a dependable MRO partner in Kochi reduces downtime and ensures higher operational efficiency. This strategic capability addition makes CIASL a truly versatile service provider, capable of handling the full spectrum of aircraft, from large wide-body jets to regional turboprops and private aircraft.

## Stepping into the Domestic Market

Now, with our partnership with Akasa Air, we have officially entered the domestic aviation market. This collaboration is a significant milestone, it not only marks our foray into servicing Indian carriers but also positions us to attract more domestic airlines in the near future.




By integrating domestic and international maintenance services under one roof, CIASL is playing a pivotal role in reinforcing Kochi's status as a comprehensive aviation hub. This synergy allows us to offer end-to-end support to a diverse clientele, from global carriers to emerging Indian airlines, all benefiting from our hallmark standards of quality and reliability.




Towards a Complete Aviation Ecosystem
Taken together, our new ventures, servicing domestic carriers, business jets, general aviation aircraft, ATRs and the establishment of our state-of-the-art MRO hangar, symbolize CIASL's transformation into a comprehensive aviation maintenance powerhouse.

Our mission is clear and resolute: to build a self-sustaining aviation ecosystem in Kerala, one that delivers exceptional value to airlines, empowers the local economy and positions Kochi as a centre of excellence in aircraft maintenance across South Asia.

With the unwavering support of our dedicated team, stakeholders and partners, I am confident that CIASL will continue to soar higher, carrying forward the legacy of Cochin International Airport as a pioneer in sustainable and innovative aviation infrastructure.



# Uncertainty in Enterprises The New Norm



**Kamalesh Patel**
DGM, Electrical Dept.

